**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 159** | **29-07-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി. നന്ദകുമാർ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനങ്ങളുടെ നികുതി നിർണയാധികാരം കവർന്നെടുത്ത ജി.എസ്.ടി. സംവിധാനം കേന്ദ്ര സർക്കാർ നടപ്പിലാക്കിയതിന് ശേഷം നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി വരുമാനത്തിൽ കുറവുണ്ടായെങ്കിലും, ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, ഐ.ജി.എസ്.ടി ക്രഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കിഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ ആണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18 മുതൽ 2021-22 വരെ ഉള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭരണഘടനാനുസരണം സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതി നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കാത്തത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; | (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ ലഭിയ്ക്കേണ്ട, സംസ്ഥാനത്തിന് അർഹതപ്പെട്ട റവന്യൂ വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം യഥാസമയം കേന്ദ്ര സർക്കാർ അനുവദിയ്ക്കാത്തത് ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ടി സ്ഥിതി ഈ സാമ്പത്തിക വർഷവും തുടരുന്നുവെന്നതൊരു വസ്തുതയാണ്. തത്ഫലമായി ടി പ്രതിസന്ധി പരിഹരിയ്ക്കുന്നതിനായി കടമെടുക്കേണ്ടി വരുന്നതിനാൽ പലിശ ഇനത്തിൽ അധിക ബാധ്യതയും ഉണ്ടാകുന്നു. ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്ന |

| | | | |
|---|---|---|---|
| | | | കാര്യമാണെങ്കിലും ഈ പ്രതിസന്ധി ഘട്ടത്തിലും സർക്കാർ ക്രിയാത്മകവും ഭാവനാപൂർണ്ണവുമായ നടപടികൾ സ്വീകരിക്കുന്നതിലൂടെയും ധനദൃഢീകരണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെയും ഈ പ്രതിസന്ധി ഒരു പരിധിവരെ നിയന്ത്രിച്ചു നിർത്തുന്നതിന് ശ്രമിച്ചുവരുന്നു. |
| (സി) | കേന്ദ്ര സർക്കാർ അവധാനതയില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതും ഡാറ്റ അനലിറ്റിക്കൽ സംവിധാനം പൂർണമായി പ്രവർത്തനക്ഷമമാകാത്തതും കാരണം വരുമാനം പ്രതീക്ഷിത നിലയിലേക്ക് ഉയരാത്തതിനാൽ ജി.എസ്.ടി. നഷ്ടപരിഹാരം അഞ്ച് വർഷത്തിനുശേഷവും തുടരണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തിനുശേഷവും തുടരണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| സാമ്പത്തിക വർഷം | ജി.എസ്.ടി. കോമ്പൻസേഷൻ | | |
|---|---|---|---|
| | കോമ്പൻസേഷൻ Cess Fund-ൽ നിന്നും | Special Window Fund-ൽ നിന്നും | Total (Cr) |
| 2017-18 | 2102.00 | - | 2102.00 |
| 2018-19 | 3532.00 | - | 3532.00 |
| 2019-20 | 8111.00 | - | 8111.00 |
| 2020-21 | 4034.83 | 5766.00 | 9800.83 |
| 2021-22 | - | 4122.27 | 4122.27 |

സെക്ഷൻ ഓഫീസർ